**പതിനാലാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6399 03.04.2018 ന് മറുപടിയ്ക്ക്.

**വന്യജീവി ആക്രമണങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ)സംസ്ഥാനം നേരിടുന്ന കൊടും വരൾച്ച കാരണം ജനവാസ കേന്ദ്രങ്ങളിൽ എത്തുന്ന വന്യജീവികളുടെ ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ; | (എ) വന്യമൃഗങ്ങൾ ജനവാസമേഖലകളിൽ ഇറങ്ങി കൃഷിയും മറ്റും നശിപ്പിക്കുന്നത് കണക്കിലെടുത്ത് വേനൽക്കാലത്ത് ജല-ഭക്ഷണ ലഭ്യത ഉറപ്പു വരുത്തുന്നതിനും വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ വനമേഖലകളിലാകെ ഇതുവരെ ഏകദേശം 3000-ത്തോളം ജലസ്രോതസ്സുകൾ (Waterhole, Vayals, Waterspread) നവീകരിച്ചിട്ടുണ്ട്. 2016-17 വർഷം 67 ചതുപ്പ് പ്രദേശങ്ങളിൽ ( Vayals) മൺബണ്ടുകൾ നിർമ്മിക്കുകയും 30 എണ്ണത്തിൽ ചെടികൾ നട്ട് ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനത്തിനുള്ളിൽ 141 ചെക്ക് ഡാമുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും, 91 താല്ക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 2017-18-ൽ നാളിതുവരെ 86 ജലസ്രോതസ്സുകൾ നവീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വേനൽക്കാലത്ത് നിലമ്പൂർ, ചിന്നാർ വന്യജീവി സങ്കേതം എന്നിവിടങ്ങളിൽ ലോറിയിൽ വെള്ളമെത്തിച്ച് കുളങ്ങൾ നിറയ്ക്കുകയുണ്ടായി. ആവശ്യമുള്ള പക്ഷം ഈ വർഷവും ഇത്തരം പ്രവർത്തികൾ തുടരുന്നതാണ്. |
| (ബി) വന്യ മൃഗങ്ങളുടെ ആക്രമണം മൂലം കാർഷികവിളകൾക്കും വസ്തുവകകൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന നഷ്ടപരിഹാരങ്ങൾ എന്തെല്ലാം;വിശദമാക്കാമോ? | (ബി) വന്യമൃഗങ്ങളുടെ ആക്രമണം മൂലം കാർഷിക വിളകൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 08.01.2015-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.02/2015/വനം പ്രകാരം പരമാവധി 75,000/- രൂപയും, കന്നുകാലി, വീട് എന്നിവയുടെ നാശനഷ്ടത്തിന് പരമാവധി 75,000/- രൂപയും നഷ്ടപരിഹാരമായി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ